# പ്രയോജനമുള്ളവരാകുവീൻ

## ഫിലേമോൻ 11

"അവൻ മുമ്പെ നിനക്കു പ്രയോജനമില്ലാത്തവൻ ആയിരുന്നു; ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നേ."

ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിന്റെ ലക്ഷ്യം നമുക്ക് ഒനേസിമൊസിന്റെ ജീവിതത്തിൽ കൂടി കാണുവാൻ കഴിയും. പൗലോസ് പറയുന്നു അവൻ മുമ്പെ നിനക്ക് പ്രയോജനമില്ലാത്തവൻ ആയിരുന്നു; ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ തന്നേ. ഒരു പാവപ്പെട്ട മനുഷ്യനെക്കുറിച്ച്, അവൻ പ്രയോജനമുള്ളവനാകുന്നു എന്ന് രക്ഷിതാവ് പ്രസ്താവിക്കുന്നു. പ്രിയ ദൈവമക്കളെ, നമ്മെ കുറിച്ചും നമ്മുടെ രക്ഷിതാവ് ഇപ്രകാശം പറയാൻ സംഗതിയായിരുന്നേൽ എത്ര നന്നായിരുന്നു. ഇന്ന് ലോകം തരുന്ന ഏതു അംഗീകാരത്തേക്കാളും വലുതാണ്, നമ്മെ സൃക്ഷ്ടിച്ച, നമ്മുടെ രക്ഷിതാവ് നമ്മെ കുറിച്ചു ഇപ്രകാരം പറഞ്ഞിരുന്നേൽ. ഒനേസിമൊസ് ഒന്നാമത് അടിമയായിരുന്നു, തന്റെ യജമാനനായ ഫിലമോന്റെ വീട്ടിലെ ദാസനായിരുന്നു അവൻ. യജമാനൻ ഒരു ഉത്തമ ദൈവദാസനും, തന്റെ ദാസനോട് സ്നേഹമുള്ളവനുമായിരുന്നു എന്നു വേദഭാഗം നമ്മെ ഓർമിപ്പിക്കുന്നു. എന്നാൽ ദാസൻ അനുസരണമുള്ളവനായിരുന്നില്ല. തന്റെ യജമാനനെ സേവിക്കുന്നത് അവനു ശ്രേഷ്ഠമായി തോന്നിയില്ല. ഇത്രനല്ലവനായ യജമാനന്റെ പണം അപഹരിച്ചുകൊണ്ടു അവൻ ഒളിച്ചോടിപ്പോയതായി നമുക്ക് ആ അധ്യായം വായിക്കുമ്പോൾ മനസിലാക്കുവാൻ സാധിക്കും. സ്നേഹമുള്ള യജമാനന്റെ വില അറിയാതെ പോയി എന്നതാണ് അവനു പറ്റിയ ആദ്യ തെറ്റ്. നമ്മുടെ രക്ഷകന്റെ സ്നേഹം നാം മനസിലാക്കണം, ലോകത്തിനു അനുരൂപമായ, നശിച്ചു പോകാമായിരുന്ന നമ്മെ, അവിടുന്ന് വില കൊടുത്തു വാങ്ങിയതാണ്. പൊന്നു വെള്ളി മുതലായ വസ്തുക്കൾ കൊടുത്തല്ല, പിന്നയോ അവിടുത്തെ പുത്രന്റെ വിലയേറിയ രക്തത്താലാണ് നമ്മെ അവിടുന്ന് ഏറ്റെടുത്തിരിക്കുന്നത്. നമ്മെ വാങ്ങിയവനായ യേശുവിന്റെ അടിമകളാണ് നാം എന്ന് പലപ്പോഴും മറന്നുപോകാറില്ലേ.

ഒനേസിമൊസ് എന്ന വാക്കിന്റെ അർത്ഥം തന്നെ, പ്രയോജനമുള്ളവൻ എന്നാണ്. ഒരു നല്ല പേര് സ്വീകരിച്ചു കൊണ്ട് നടക്കുകയും, അതേസമയം അതിനു അനുരൂപമാകാതെ ജീവിക്കാതിരിക്കുയും ചെയ്യുന്നത് നമ്മുടെ കർത്താവിനു എത്ര വിഷമം ഉളവാക്കും എന്ന് ഈ ചരിത്രം വായിക്കുമ്പോൾ നമുക്ക് മനസിലാകും. അവനു ഒരു നല്ല പേർ ഉണ്ടായിരുന്നു

എന്നാൽ അതിനു യോജിക്കുന്ന തരത്തിൽ അവൻ ജീവിച്ചില്ല. നമ്മുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്ന നല്ല പേരിനു അപമാനം വരുത്തന്നവരാകരുതേ നാം.

നമ്മുടെ ജീവിതത്തിൽ എപ്പോഴങ്കിലും ഞാൻ പ്രയോജനമില്ലാത്തവൻ ആണ് എന്ന് ചിന്തിച്ചിട്ടുണ്ടോ? എനിക്ക് യാതൊരു കഴിവുകളും ഇല്ലാത്തവൻ ആണ്, മറ്റുള്ളവർ എന്നെ കുറ്റപ്പെടുത്തുന്നു, ദൈവം പോലും എന്നെ കൈവിട്ട അവസ്ഥയാണ് എന്നൊക്കെ ചിന്തിച്ചിട്ടുണ്ടോ? ചതിവ്, കള്ളം, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു എന്നിവ കൊണ്ട് നമ്മൾ ദൈവരാജ്യത്തിനു പ്രയോജനമില്ലാത്തരായിത്തിർന്നിട്ടുണ്ടോ? ഒനേസിമൊസിനോട് ദൈവം പൗലോസിലൂടെ ഇടപ്പെട്ടു എന്ന് നമുക്ക് തുടർന്ന് വായിക്കുമ്പോൾ മനസ്സിലാകും. ഒരു മാനസാന്തരത്തിന്റെ അനുഭവം അവന്റെ ജീവിതത്തിൽ ഉണ്ടായി, അവൻ നന്ദിയുള്ളവനായിത്തീർന്നു, അവൻ വിശ്വാസ്ഥനായിത്തീർന്നു, അവൻ പ്രയോജനമുള്ളവനായിയിത്തീർന്നു. ഇപ്പോൾ നിനക്കും എനിക്കും നല്ല പ്രയോജനമുള്ളവൻ എന്ന് പൗലോസ് തന്നെ സാക്ഷ്യം പറയുന്നു. നമുക്കും ഒനേസിമൊസിനെപോലെ പ്രയോജനമുള്ളവരായി തീരണ്ടേ?

പ്രിയമുള്ളവരെ നമ്മുടെ കഴിവില്ലായ്മയെ മാനിക്കുന്ന ഒരു രക്ഷകൻ നമുക്കുണ്ട്. നമ്മുടെ ആശ്രയം പൂർണ്ണമായും അവങ്കലേക്ക് സമർപ്പിച്ചു നല്കിയാട്ടെ.

നമ്മുടെ രക്ഷകൻ നമ്മെ ഇപ്പോൾ നോക്കുന്നുണ്ട്, ആ കൈവിരലുകൾ നമ്മുടെ നേരെ നീട്ടുന്നുണ്ട്. നമുക്ക് പൊടിയോളം താഴാം. നമ്മുടെ കഴിഞ്ഞ പ്രവർത്തികളെ ശോധന ചെയ്തു ദൈവസന്നിധിയിൽ മുട്ടുമടക്കാം. ലോകത്തിന്റെ മുമ്പിൽ താങ്കൾ കഴിവില്ലാത്തവൻ ആയിരിക്കാം. എന്നാൽ യേശുവിനു താങ്കളുടെ കഴിവ് വേണ്ട, കാരണം അവൻ താങ്കളെ വിളിക്കുന്നത് കഴിവുള്ളവർ ആക്കുവാൻ വേണ്ടി ആണ്. ഇന്നത്തെ വചനഭാഗവും നമ്മെ അതാണ് ഓർമ്മിപ്പിക്കുന്നത്.

**പരാമർശം:**

കൊലൊസ്സ്യർ 4:1–2

യജമാനന്മാരേ, നിങ്ങൾക്കും സ്വർഗ്ഗത്തിൽ യജമാനൻ ഉണ്ടു എന്നറിഞ്ഞു ദാസന്മാരോടു നീതിയും ന്യായവും ആചരിപ്പിൻ. പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ; സ്തോത്രത്തോടെ അതിൽ ജാഗരിപ്പിൻ.

**ബ്രദർ റ്റോബി ഏബ്രഹാം ചെങ്ങന്നൂർ 014**